# തീവ്രവാദത്തിന്റെ വേരുകൾ തേടി

മിഷാൽ സലീം വാടാനപ്പള്ളി

'ഇസ്‌ലാമിക രാഷ്ട്രം' എന്ന ആശയത്തെ മുൻനിർത്തി ഇന്ന് ലോകത്ത് പ്രവർത്തിക്കുന്ന കടുത്ത തീവ്രവാദ സംഘടനകളിൽ പകുതി മുക്കാലും സലഫി സംഘടനകളാണെന്ന് കാണാവുന്നതാണ്. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഓപറേഷനുകൾ സംഘടിപ്പിക്കുന്ന ലശ്കറെ ത്വയ്യിബയും അഫ്ഗാനിസ്ഥാനിലെ താലിബാനും ശുദ്ധസലഫീ വാഹാബി ഗ്രൂപ്പുകളാണ്. താജികിസ്ഥാൻ ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിൽ ദൈവിക ഭരണത്തിനായി പ്രവർത്തിക്കുന്ന സായുധ ഗ്രൂപ്പുകളും സൈന്യവുമെല്ലാം സലഫികളാണ്. അൾജീരിയയിൽ ദൈവിക ഭരണത്തിനായി തെരു തെളിക്കുന്ന അബ്ബാസി മദനി തങ്കപ്പെട്ട സലഫി നേതാവാണ്. എന്തിനേറെ സാക്ഷാൽ ഉസാമാ ബിൻലാദിൻ സുഊദി സലഫി സ്കൂളിന്റെ സന്തതിയാണ്. അഫ്ഗാനിലെ സോവിയറ്റ് വിരുദ്ധ ജിഹാദിൽ സുഊദി സലഫികൾ വഹിച്ച പങ്കും നിസ്തർക്കമായ യഥാർഥ്യമാണ്. അതായത് ദൈവിക ഭരണം എന്നത് ആഗോള സലഫികളെ സംബന്ധിച്ചടത്തോളം ചതുർഥിയായ കാര്യമല്ലെന്ന് ചുരുക്കം'' (പ്രബോധനം വാരിക: 2005 സെപ്റ്റംബർ 24, പേജ് 18)

തികച്ചും സഹതാപാർഹമായ ഈ വരികൾ കുറിച്ചിടപ്പെടാൻ ഒരു സാഹചര്യമുണ്ട്. കേരളത്തിലങ്ങോളമിങ്ങോളം മൗദൂദിസത്തിന്റെ യഥാർത്ഥ കപടമുഖവും തീവ്രവാദവുമായുള്ള മൗദൂദിസത്തിന്റെ ബന്ധവും വെളിക്കുകൊണ്ടുവന്ന കേരളത്തിലെ സലഫികൾക്കെതിരെയുള്ള അമർഷം പാവം മൗദൂദിസ്റ്റുകൾക്ക് തങ്ങളുടെ 'ജിഹ്വ'യിൽ എഴുതി തീർക്കുകയല്ലാതെ വല്ല വഴിയുമുണ്ടോ? മൗദൂദിസ്റ്റുകൾ കുറിച്ചിട്ട ഈ വരികൾ പൊതു ജനങ്ങൾക്കിടയിൽ ചങ്കുറപ്പോടെ പറഞ്ഞാൽ സാഹചര്യം വളരെ വഷളാകുമെന്ന തിരച്ചറിവെങ്കിലും അവർക്കുണ്ട്. സ്വന്തം മന്തുള്ള കാല് വെള്ളത്തിൽ മുക്കി പിടിച്ച് വഴിയിലൂടെ നടന്നു പോകുന്നവനെ ''മന്താ......'' എന്ന് വിളിക്കുന്ന 'മൗദൂദിയൻ സ്റ്റൈൽ' നിഴലിക്കുന്ന വരികൾ. തങ്ങളുടെ പൊയ്മുഖം ജനങ്ങളുടെ മുമ്പിലേക്ക് കൊണ്ട് വരുന്നത് സലഫികൾ – കേരളത്തിൽ മുജാഹിദുകൾ– ആയത്കൊണ്ട് അവരെയെങ്ങനെയെങ്കിലും തീവ്രവാദികളാക്കുക എന്നതാണ് ഇക്കൂട്ടരുടെ നവ പോളിസി. കുറച്ച് മുമ്പ് ബോംബെ ആക്രമണവുമായി ബന്ധപെട്ട് തീവ്രവാദികളെ പറ്റി ചർച്ച ചെയ്യപ്പെടുമ്പോൾ ''സലഫികളാണ് തീവ്രവാദികൾ'' എന്നതായിരുന്നു സകല മൗദൂദിസ്റ്റുകളും ഘോഷിച്ചത്. മുംബൈ ആക്രമണത്തിൽ പിടിയിലായ–ജീവനോടെ–ഒരാൾ ഇന്ത്യൻ പോലീസിന്റെ കൈകളിലുണ്ടല്ലോ! ചോദ്യം ചെയ്യലിൽ അയാൾ സലഫിയാണെന്നാണോ നാം അറിഞ്ഞത്?! സലഫികളിൽ നിന്നും തികച്ചും വിഭിന്നമായ ആദർശവും നയങ്ങളും വെച്ചു പുലർത്തുന്നവരാണ് ബോംബെ സ്ഫോടനത്തിന്റെ സൂത്രധാരന്മാർ എന്നതിന് ജീവിക്കുന്ന സാക്ഷിയുണ്ടായിരിക്കെ വിടുവായിത്തം പറയുന്നവർ ആരെയാണ് മണ്ടൻമാരാക്കാൻ ശ്രമിക്കുന്നത്?. മരിച്ചവരിൽ മിക്കവരുടേയും കൈകളിൽ ഉറുക്കോ, ഏലസോ ഒക്കെ ഉണ്ടായിരുന്നതായി പത്രങ്ങൾ എല്ലാം ഉൽഘോഷിച്ചിട്ടും അവർ സലഫികളാണെന്ന് പറയുന്നത് അവാസ്തവമാണെന്നതിന് എന്ത് തെളിവാണ് വേണ്ടത്? പാക്കിസ്ഥാനിൽ സലഫികൾക്ക് വേറിട്ട സംഘടനയുണ്ടായിരിക്കെ–ലഷ്ക്കറെ ത്വയിബയുടെ കീഴ്സംഘടനയെന്ന് 'മാധ്യമം ദിനപത്രം തന്നെ തുറന്നെഴുതിയ–ഡക്കാൻ മുജാഹിദീൻ' എങ്ങനെ സലഫി സംഘടനയാകും? ഇനി 'ലശ്കറെ ത്വയ്ബയും', 'താലിബാനും', 'അൽ ഖയ്ദ'യുമൊക്കെ സലഫി സംഘടനയാണ് എന്ന് പറയാൻ എന്ത് തെളിവാണ് മൗദൂദിസ്റ്റുകൾക്ക് പൻബലമേകുന്നത്? ''നിങ്ങൾ സത്യവാന്മാരാണെങ്കിൽ തെളിവ് കൊണ്ട് വരിക''യെന്ന ക്വുർആനിക ചോദ്യം ഇവിടെ പ്രസ്കതമാകുന്നു.

മുകളിൽ ഉദ്ധരിച്ച വരികളിൽ മൗദൂദിസ്റ്റുകൾ ഉന്നയിച്ച ആരോപണങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: 1) 'മതരാഷ്ട്ര വാദം' ഉയർത്തിപിടിച്ച് ലോകത്തുടനീളം തീവ്രവാദം പ്രചരിപ്പിക്കുന്ന സംഘടനകളെല്ലാം സലഫികളുടേതാണ്. 2) ലശ്കറെ ത്വയ്ബ, താലിബാൻ തുടങ്ങിയ സംഘടനകളും സലഫികളുടേതാണ്. കൂടാതെ അബ്ബാസിമദനി, ഉസാമ ബിൻലാദിൻ തുടങ്ങിയ തീവ്ര

വാദികളെല്ലാം സലഫികൾ തന്നെ! 3) മതരാഷ്ട്രവാദം മൗദൂദിസ്റ്റുകളെ പോലെ തന്നെ ലോകത്തുള്ള വിവിധ സലഫീ സംഘടനകളും അംഗീകരിക്കുകയും അതിനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്നു.

തങ്ങളുടെ അനുസരണയുള്ള കുഞ്ഞാടുകൾ പോലും ഒരിക്കലും വിശ്വസിക്കാത്ത ഇത്തരം കല്ല് വെച്ച നുണകൾ പറയാൻ മാത്രം അധ:പതിച്ചുവല്ലോ ഇക്കൂട്ടർ! സഹിഷ്ണതയുടെയും സമന്വയത്തിന്റെയും സാരോപദേശത്തിന്റെയും മാലപ്പടക്കങ്ങൾ പൊട്ടിക്കുന്ന ഇവർ മറ്റുള്ളവർ തങ്ങളെ ''തീവ്രവാദിക''ളായി പരിചയപ്പെടുത്തുമ്പോൾ വെറളി പിടിക്കുന്നതെന്തിന്. കണ്ണാടിയോട് കോപിക്കുന്നതിന് മുമ്പ് സ്വന്തം മുഖം നന്നാക്കാൻ ശ്രമിക്കുന്നതായിരിക്കും നല്ലത്. അണിയറയിലെ ഭീകരമുഖം എത്രകാലം സാമൂഹിക പ്രവർത്തനത്തിന്റെയും തെരുവുനാടകത്തിന്റെയും മുഖംമൂടി ധരിച്ച് സംരക്ഷിക്കാൻ സാധിക്കും? സത്യത്തെ വളക്കാൻ കഴിഞ്ഞേക്കാം പക്ഷെ ഒടിക്കാൻ കഴിയില്ല എന്ന് മൗദൂദിസ്റ്റുകൾ ഓർക്കേണ്ടിയിരിക്കുന്നു.

'ഇസ്‌ലാമിക രാഷ്ട്രം' എന്ന ആശയത്തെ മുൻനിർത്തി ഇന്ന് ലോകത്ത് പ്രവർത്തിക്കുന്ന കടുത്ത തീവ്രവാദ സംഘടനകളിൽ പകുതി മുക്കാലും സലഫി സംഘടനകളാണെന്നുള്ള മൗദൂദിസ്റ്റുകളുടെ അവകാശവാദം എത്രത്തോളം സത്യസന്ധമാണ് എന്ന് നാം വിലയിരുത്തേണ്ടിയിരിക്കുന്നു. ലോകത്ത് – ഇഖാമത്തുദ്ദീൻ, ഹുകൂമത്തെ ഇലാഹീ എന്നിങ്ങനെ പരിചയപ്പെടുത്തിക്കൊണ്ട് മതരാഷ്ട്രവാദത്തിലധിഷ്ടിതമായ വർഗ്ഗീയതക്കും തീവ്രവാദഭീകരവാദ പ്രവർത്തനങ്ങൾക്കും സുന്നി മുസ്‌ലിംകളിൽ ബീജാവാപം നൽകിയത് ജമാഅത്തെ ഇസ്‌ലാമിയും, ഇഖ്‌വാനുൽമുസ്‌ലിമിനുമൊക്കെയാണെന്ന പച്ചയായ യാഥാർത്ഥ്യം ആർക്കാണാറിയാത്തത്.?

'മതരാഷ്ട്ര വാദ'ത്തിന്റെ പാളിച്ചകളും തീവ്രവാദ ഭീകരവാദ പ്രസ്ഥാനങ്ങളുടെ അബദ്ധജഡിലതകളും മുസ്‌ലിം  സമുദായത്തിന് മുമ്പിൽ തുറന്ന് കാട്ടിയവരാണ് സലഫികൾ; കേരളത്തിനകത്തും പുറത്തും തീവ്രവാദത്തിനെതിരെ  ശക്തമായ ശബ്ദിച്ചവരെന്ന നിലക്ക് സ്വാഭാവികമായും ശത്രുക്കൾ സലഫികളെ തന്നെ തീവ്രവാദികളാക്കി ചിത്രീകരിക്കാൻ ശ്രമിക്കുമല്ലോ. മൗദൂദിയുടെ മതരാഷ്ട്ര വാദത്തിന്റെ പൊള്ളത്തരങ്ങൾ വിശദീകരിച്ച് കൊണ്ട് ഗ്രന്ഥം തന്നെ രചിച്ച ശൈഖ് റബീഅ് ഇബ്നു ഹാദി മദ്ഖലിയെ ഇവിടെ സ്മരിക്കാതെ വയ്യ 'പ്രവാചകന്മാരുടെ പ്രബോധനം' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആ കൃതി തന്നെ ധാരാളമാണ്; സലഫികൾ മതരാഷ്ട്ര വാദികളാണോ അല്ലേ എന്ന് തിരിച്ചറിയുവാൻ ശൈഖ് ഇബ്നു ബാസ്, ശൈഖ് സ്വാലിഹ് അൽ ഉസൈമീൻ, ശൈഖ് ഫൗസാൻ , ശൈഖ് മുഖ്ബിൽ തുടങ്ങിയ ലോക പ്രശസ്ത സലഫി പണ്ഡിതന്മാരുടെ തീവ്രവാദ–മതരാഷ്ട്രവാദ  വിരുദ്ധ ഫത്‌വകളും ലേഖനങ്ങളും അനവധിയാണ്.

ബിൻലാദിൻ പോലും സലഫിയാണെന്ന് ഉളുപ്പില്ലാതെ എഴുതി വിടുന്ന മൗദൂദിസ്റ്റുകൾ അറിഞ്ഞിരിക്കില്ല; 'വേൾഡ് ട്രൈഡ് സെന്റർ' പൊളിച്ച് ലോകത്തറിയപ്പെടുന്നതിന് എത്രയോ മുമ്പ് ബിൻലാദനെതിരെയും അയാളുടെ തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെയും സഊദി അറേബ്യയുടെ ഗ്രാന്റ് മുഫ്തിയായിരുന്ന കാലത്ത് തന്നെ ശൈഖ് ഇബ്നു ബാസ് 'ഫത്‌വ'കളും 'നസീഹ'ത്തുകളുമൊക്കെ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മജ്മൂഉൽ ഫതാവാ വമഖാലാത്തുൽ മുത്തനവ്വിഅ: എന്ന അദ്ദേഹത്തിന്റെ ഫത്‌വാ സമഹാരത്തിന്റെ  ഏഴാം വാള്യത്തിൽ നിഷ്പക്ഷ മതികൾക്ക്–കണ്ണിനും കരളിനും അന്ധത ബാധിച്ചവർക്കല്ല– ഈ ബിൻലാദിൻ വിരുദ്ധ ഫത്ഫ കണ്ടെത്താം. മാത്രമല്ല, സഊദി അറേബ്യയോടും സലഫികളോടും എന്നും മനസ്സിൽ പക സൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു ബിൻലാദിൻ. അവർക്കെതിരെ ആഞ്ഞടിക്കുകയും 'കാഫിറു'കളെന്ന് പോലും അഭിസംബോധനം ചെയ്യുകയും  ചെയ്തിട്ടുണ്ട്. (നിദാഉൽ ഇസ്‌ലാം മാഗസിൻ Issue: 15 ലൂടെയാണ് സലഫി വിരുദ്ധ പ്രസ്താവനകൾ ബിൻലാദിൻ നടത്തിയത്) എന്നിട്ടും ജമാഅത്തുകാർ തട്ടിവിടുന്നു; സലഫികൾ മതരാഷ്ട്ര വാദക്കാരും, തീവ്രവാദികളുമാണെന്ന്!? സലഫികളായി അഭിനയിച്ച് 'ഇഖ്‌വാനുൽ മുസ്‌ലിമീനി'ന്റെ ആദർശം മനസ്സിൽ സൂക്ഷിച്ച് നടക്കുന്ന 'സുറൂറി'കൾ ഇവരുടെ വലത് കൈകളാണെന്നത് മറന്നുകൂട. താജികിസ്താൻ, ഉസ്ബക്കിസ്ഥാനിലുമെല്ലാം തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്നത് സലഫികളാ

ണെന്നത് തെളിവെവിടെ? ലക്ശറെ  തയ്യിബയും, ജമാഅത്തു ദ്ദഅ്വയുമൊക്കെ 'ശുദ്ധ' സലഫി സംഘടനകളാണെന്നതിന് തെളിവെവിടെ? ''നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങളുടെ തെളിവ് നിങ്ങൾ കൊണ്ട് വരിക.'' (വി. ഖു: 2: 111)

മുംബൈ സ്ഫോടനവുമായി ബന്ധപ്പെട്ട് 'മാധ്യമം' ദിന പത്രത്തിൽ 'അരുന്ധതി റോയി'യുടെ ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടു. എന്താണ് ഇപ്രകാരമുള്ള ഒരു ലേഖനത്തിന്റെ ആവശ്യകത യെന്ന് അധികമൊന്നും ചിന്തിക്കേണ്ടി വന്നില്ല. 'സലഫികൾ'ക്കെതിരെ തീവ്രവാദം ചാർത്തുന്ന ഏത് ലേഖനവും എന്ത് വിലകൊടുത്തും ജമാഅത്തുകാർ സ്വന്തമാക്കും, താലോലിക്കും, അത് അവർക്ക് ഒരു പ്രത്യേകതരം സമാധാനം നൽകുന്നുണ്ടാകും. കടിച്ച് കീറാനുള്ള  ദേഷ്യം പുറത്ത് ചാടുന്ന അപൂർവ്വ അവസരങ്ങൾ! ഏതായിരുന്നാലും ജമാഅത്തുദ്ദഅ്വയും ലഷ്ക്കറെ ത്വയിബയുമൊക്കെ സലഫി സംഘടനകളാണ് എന്നതാണ് പുതിയ കണ്ടുപിടുത്തം. ജമാ അത്തുദ്ദഅ്വ ലഷ്ക്കറെ ത്വയിബയുടെ  കീഴ് സംഘടനയാണ് എന്നത് വ്യക്തമായി തെളിഞ്ഞ കാര്യമാണല്ലോ. 'A gurilla group run by pakisthani intelligence in the conflict with india in the disputed territoty of  kashmir'  എന്നാണ്' ലഷ്ക്കറെ ത്വയിബ'യെ ക്കുറിച്ച് പൊതുവെ പരിചയ പ്പെടുത്തുന്നത്. പാക്കിസ്ഥാന് അനുകൂലമായി കാശ്മീരിന് വേണ്ടി ഇന്ത്യക്കെതിരെ കരുക്കൾ നീക്കുന്ന തീവ്രവാദി  സംഘടനയാണത്. ഇവിടെ കൃത്യമായി  നാം ചിന്തിക്കേണ്ടുന്ന ഒരു കാര്യം ഇതാണ്. ഇന്ത്യയിലെ സലഫികൾക്ക് ഒരു വ്യവസ്ഥാപിത സംഘടനയുണ്ട്– ഉത്തരേന്ത്യൻ സലഫികളുടെ സംഘടനയായ–'അഹ്‌ലെ ഹദീസ്'. ഇന്ത്യയോട് കൂറ് പുലർത്തുന്ന ദേശ ഭക്തരായ സലഫികളാണവർ എന്ന് ഇവിടെയുള്ള അമുസ്ലിംകൾ പോലും അംഗീകരിക്കുന്ന വസ്തുതയാണ്.  ഇനി ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് ചിന്തിച്ച് നോക്കൂ. ഇന്ത്യയിൽ തന്നെ അവർക്ക് രണ്ട് സംഘടയാണുള്ളത്! 'ജമാഅത്തെ ഇസ്ലാമി ഹിന്ദും' 'കശ്മീർ ജമാഅത്തെ ഇസ്ലാമിയും'. ചില പ്രത്യേക സാഹചര്യങ്ങൾ മുന്നിൽ കണ്ട് കൊണ്ടാണീ വിഭജനമെന്നാണ് ജമാഅത്ത് പക്ഷം.(യുവസരണി:1992) എന്താണീ 'കാശ്മീർ ജമാഅത്തും' പ്രത്യേക സാഹച ര്യവും? ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയും കാശ്മീർ ജമാഅത്തും എന്തിന് വേറിട്ട് നിൽക്കു ന്നത്? കാശ്മീരിനെ ഇന്ത്യയുടെ ഭാഗമായി കാണാൻ ഇവർ മടിക്കുന്നുവെന്നതിന് മറ്റെന്ത് തെളി വാണ് വേണ്ടത്? മതരാഷ്ട്ര വാദവുമായി കാശ്മീർ ജമാഅത്ത് നടത്തുന്ന ഭീകരവാദ പ്രവർത്തനങ്ങൾ മുസ്ലിം ലോകത്തിന് സുവിദിതമാണ്. ജമാഅത്തിന്റെ ഇന്ത്യൻ വിരുദ്ധതയും, പാക്കിസ്ഥാൻ പ്രേമവും വിശദമായി പിന്നീട് ചർച്ചചെയ്യുന്നുണ്ട്. എങ്ങനെ നോക്കിയാലും ആ 'പാന്റ്' ചേരുന്നത് അവിടെയാണ്. സലഫികൾക്ക് ഈ 'അളവ്' പാകമാവുന്നില്ല.

മതരാഷ്ട്ര വാദത്തിൽ നിന്നും ഊർജ്ജം ഉൾകൊണ്ട മൗദൂദിസ്റ്റുകളും ഖുതുബിസ്റ്റുകളും ലോകത്ത് നിരവധി ഭീകരസംഘടനകൾക്ക് ജന്മം നൽകിയിട്ടുണ്ട്. ലോകത്തിന്റെ നെറുകയിൽ നിന്ന്കൊണ്ട് 'ഇഖ്‌വാനുൽ മുസ്ലിമൂൻ' മുസ്ലിംകളോട് പ്രഖ്യാപിച്ചത് ഇപ്രകാരമാണ്. ''വേണ്ടിവന്നാൽ ആയുധമെടുക്കാനും ബലം പ്രയോഗിക്കാനും തയ്യാറാകും ഇഖ്‌വാൻ എന്ന് അദ്ദേഹം വ്യക്തമാക്കി.'' പലരും ചോദിക്കുന്നു ലക്ഷ്യസാക്ഷാൽകാരത്തിന്റെ മാർഗത്തിൽ ഇഖ്‌വാൻ ബലം പ്രയോഗിക്കുമോ എന്ന്........ ശക്തി ഇസ്ലാമിന്റെ ചിഹ്നമാണ്. അഖീദ: യുടെ ഒന്നാം ഘട്ടത്തിൽ വിശ്വാസത്തിന്റെ ശക്തി. അടുത്ത ഘട്ടത്തിൽ ഐക്യത്തിന്റെ ശക്തി, അത് രണ്ടിനും ശേഷം ആയുധ ശക്തി. മറ്റൊരു മാർഗം ഫലപ്രദമല്ലെന്നും ഈമാനിന്റെയും ഐക്യ ത്തിന്റെയും ശക്തി ഞങ്ങൾ സംഭരിച്ചുകഴിഞ്ഞിരിക്കുന്നു എന്നും ബോധ്യപ്പെടുമ്പോൾ അൽ ഇഖ്‌വാനുൽ മുസ്ലിമൂൻ ആയുധശക്തി  പ്രയോഗിക്കുന്നതായിരിക്കും.'' (ഇസ്ലാമിക വിജ്ഞാ നകോശം : വാല്യം 4 ; പേജ് : 46 IPH)

''ഈകാലത്ത് തീവ്രവാദികളായ പലരും ഇഖ്‌വാനുമായി വേർപിരിഞ്ഞ് സ്വതന്ത്രമായ സംഘടന കൾ രൂപീകരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. ജുൻ ദുല്ലാഹ്, മുനള്ളമത്തുൽ ജിഹാദ്, ജംഇ യ്യത്തുത്തക്ഫീരി വൽ ഹിജ്റ: തുടങ്ങിയവ  ഉദാഹരണം. സായുധ സമരത്തിൽ ഊന്നിയ ഈ സംഘടനകൾ ഭരണകൂടത്തിനെതിരെ ഹിംസാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജംഇയ്യത്തു ത്തക്ഫീരി വൽഹിജറ:യായിരുന്നു ഈ സംഘടകളിൽ പ്രമുഖം. 1966ൽ ഇഖ്‌വാൻ പ്രവർത്തകരോടൊപ്പം അറസ്റ്റുചെയ്യപ്പെട്ട ശുക്രി മുഹമ്മദ് മുസ്ത്വഫയായിരുന്നു ഈ ഗ്രൂപ്പിന്റെ നേതാവ്. ജയിലിലെ കൊടിയ മർദനം ചെറുപ്പക്കാരായ ഇവരെ തീവ്രവാദ പ്രവർത്ത

നങ്ങളിലേക്ക് നയിച്ചതിൽ അദ്ഭുതമില്ല. മുതിർന്ന നേതാക്കളുടെ പക്വവും ശാന്തവുമായ പ്രവർത്തനരീതി അവർക്ക് ഇഷ്ടമായിരുന്നില്ല. ജമാഅത്തുൽ മുസ്‌ലിമീൻ എന്നാണ് തങ്ങളുടെ സംഘടനക്ക് ഇവർ നൽകിയപേര്. അത്തക്ഫീർ വൽ ഹിജ്റ: എന്നത് ഭരണകൂടം അവർക്ക് നൽകിയ പേരാണ്. ഈജിപ്ഷ്യൻ ഭരണകൂടത്തെയും സമൂഹത്തെയും ജാഹിലിയത്തിന്റെ ഭാഗമായിട്ടാണ് ഇവർ കണ്ടത്. ഇസ്‌ലാമിക രാഷ്ട്രത്തിന്റെ സംസ്ഥാപനത്തിന് വേണ്ടി ഈ ജാഹിലിയത്തിനെതിരെ സായുധ ജിഹാദ് ചെയ്യണമെന്നായിരുന്നു അവരുടെ വീക്ഷണം. മആലിമു ഫി ത്വരീഖിലെ സയ്യിദ് ഖുതുബിന്റെ ചില ചിന്തകളെ തെറ്റായി വ്യാഖ്യാനിച്ച് അവർ നടത്തിയ നിഗമനമായിരുന്നു അത്'' (IBID :വാല്യം: 4, പേജ് 95)

വിവാദ ഗ്രന്ഥമായ 'മആലിമു ഫിത്വരീഖ്' (വഴിയടയാളങ്ങൾ) രചിച്ചതിന്റെ പേരിലാണ് സയ്യിദ് ഖുതുബ് തൂക്കിലേറ്റപ്പെട്ടത്. വിഷം ചീറ്റുന്ന പദങ്ങളുടെ സമ്മേളനമാണാപുസ്തകം. തീവ്രവാദ ധ്വനിയുള്ള നിരവധി വരികൾ അതിലുള്ളത് കൊണ്ടാണ് ലോകത്ത് പല ഭീകര സംഘടകളും പിറവികൊണ്ടത്. ചില ഉദാഹരണങ്ങൾ കാണുക:

''ഇസ്‌ലാമിക ജന്മത്തോടെ തന്നെ സംഘട്ടനവും അനിവര്യമായിത്തീരുന്നു. ഇഷ്ടാനുസാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം കൂടിയില്ലാത്ത വിധം യുദ്ധം നിർബന്ധമായിത്തീരുന്നു. കാരണം ഇസ്‌ലാമിനും അതല്ലാത്തവർക്കും കൂടി ഒന്നിച്ച് വളരെക്കാലം നിലനിൽക്കുക സാധ്യമല്ല.'' (വഴിയടയാളങ്ങൾ: വിവർത്തനങ്ങൾ: ശൈഖ് മുഹമ്മദ് കാരക്കുന്ന്)

''ഇസ്‌ലാമിക രാഷ്ട്രം അക്രമിക്കപ്പെടുന്നില്ലെങ്കിലും ശരി; ആദർശപ്രസംഗം കൊണ്ട് പ്രചാരണം അവസാനിപ്പിക്കാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നില്ല. കാരണം വിലകുറഞ്ഞ സമാധാനം അതു ആഗ്രഹിക്കുന്നില്ല. അതിനാൽ എതെങ്കിലും ഒരു വിഭാഗം മുസ്‌ലിംകൾ സുരക്ഷിതരായി ജീവിക്കുന്നത്കൊണ്ട് മാത്രം ദൈവിക ദീൻ തൃപ്തമാകുന്നില്ല. ആധിപത്യം മുഴുവൻ അല്ലാഹുവിന് ആക്കിതീർക്കുന്ന സമാധാനമേ അത് കാംക്ഷിക്കുന്നുള്ളൂ. ഭൂലോകത്തിലെ അടിമവൃത്തി മുഴുവൻ ദൈവത്തിനായി തീരണം.'' (IBID)

ഇത്തരത്തിൽ നിരവധി തീവ്രവരികളിൽ നിന്ന് ഊർജ്ജം ഉൾകൊണ്ട് ലോകം മുഴുവൻ വെട്ടിപ്പിടിക്കാൻ പുറപ്പെട്ടപ്പോൾ നിരവധി തിവ്രവാദ ഭീകരവാദ സംഘടനകൾ പിറവികൊണ്ടു. കാശ്മീരിലും മറ്റുമുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ അവസ്ഥയെന്താണെന്ന് അവർ തന്നെ പറയട്ടെ;

''കാശ്മീർ ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുകയും അസംബ്ലിയിലേക്ക് തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു പോന്നിരുന്നു. ഇന്ന് കാശ്മീരിൽ ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെ നേതാക്കളെല്ലാം ജയിലിലുമാണ്.'' (യുവസരണി: 'ഇന്ത്യൻ മുസ്ലിംകൾ' സപ്ലിമെന്റ്: ഒക്ടോബർ, 1992, പേജ് 175)

നമ്മുടെ കൊച്ചുകേരളത്തിന്റെ കാര്യം തന്നെയെടുക്കുക. ഏതൊരു സ്ഫോടനവുമായും ബന്ധപ്പെട്ട് ഉയർന്നുവരുന്ന 'സിമി'എന്ന നാമം കേരളത്തിലെ ജമാഅത്തുകാർ എങ്ങനെ മറന്നു? മറന്നതോ അതോ മറച്ചതോ?! ഏതുമാകട്ടെ, ജമാഅത്തിന്റെ യുവഘടകമായിരുന്ന സിമി ഇന്ത്യയിലും കേരളത്തിനകത്തും നടത്തുന്ന തീവ്രവാദപ്രവർത്തനങ്ങൾ ബാക്കി നിൽക്കുമ്പോൾ തന്നെയാണല്ലോ എൻ.ഡി.എഫും തുടർന്നു പോപുലർ ഫ്രണ്ടും പിറവികൊള്ളുന്നത്. അറിഞ്ഞോ അറിയാതെയോ 'സിമി'യുടെ തുടർച്ചയാണ് 'എൻ.ഡി.എഫ്' എന്ന് 'തേജസ്' (ഡിസംബർ 2005 പേജ് 28,29) വ്യക്തമാക്കിയിട്ടുണ്ട്. ഒരു ചങ്ങലയിലെ കണ്ണികൾപോലെ പരസ്പര ബാന്ധവത്തിലൂടെ പരിണമിച്ചുണ്ടായ പ്രസ്ഥാനങ്ങളാണ് ഇവയെല്ലാം. പരിണാമ വൃക്ഷത്തിന്റെ ഏറ്റവും പുതിയ കണ്ണി പോപുലർ ഫ്രണ്ടാണെങ്കിൽ ആദ്യ കണ്ണി സാക്ഷാൽ 'മൗദൂദിസം' തന്നെയാണ്. പണ്ട് മഅ്ദനിയുടെ ഐ.എസ്.എസ്.ന് വിഞ്ഞും റൊട്ടിയും നൽകി പോത്സാഹിപ്പിച്ചതും മൗദൂദിസ്റ്റുകൾ തന്നെയാണ്.

ചുരുക്കത്തിൽ ലോകത്തിന്റെ മുക്കുമൂലകളിലെ തീവ്രവാദത്തിന്റെ വേരുകൾ തേടുകയാണെങ്കിൽ മൗദൂദിസത്തിലവ അവസാനിക്കുന്നതായി നമുക്കു കണ്ടെത്താം. ലോകത്ത് 'മതരാഷ്ട്ര'

ത്തിന്റെ കാഹള മൂതുന്നതും അതിന്റെ പേരിൽ ഭീകരവാദ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും ഇക്കൂട്ടർ തന്നെയാണ്. മൗദൂദിസ്റ്റുകളുടെ പ്രിയപ്പെട്ട 'ഫഹ്മി ഹുവൈദി' പറയുന്നത് കാണുക:

''ഇന്നു ഇസ്‌ലാമിസ്റ്റുകൾക്കിടയിൽ ഏറെ പ്രചരിച്ച ഒരു പ്രയോഗമാണ് ഹുക്കൂമത്തുല്ലാ (അല്ലാഹുവിന്റെ ഭരണം) എന്നത്. അല്ലാഹുവിന്റ വചനം സമുന്നതമായിത്തീരാൻ അല്ലാഹുവിന്റെ പാർട്ടി (ഹിസ്ബുല്ലാ)യാണ് അതു സ്ഥാപിക്കുക. ഇവരാണ് ഹാക്കിമിയ്യത്തുല്ലാഹിയുടെ പ്രചാരകർ. ഈ പദപ്രയോഗം പ്രമുഖ പാക്കിസ്ഥാൻ പണ്ഡിതനായ അബുൽ അഅ്‌ലാ മൗദൂദി ഉണ്ടാക്കിയതും പ്രയോഗിച്ചതുമാണ്. അറബ് ലോകത്ത് സയ്യിദ് ഖുതുബാണ് ഇത് വികസിപ്പിച്ചെടുത്തത്. അങ്ങനെ ലേഖനങ്ങൾക്കിടയിലും മറ്റും അതും ധാരാളമായി പ്രത്യക്ഷ്യപ്പെടാൻ തുടങ്ങി. ഇന്തോനേഷ്യ മുതൽ അൾജീരിയ വരെയുള്ള നാടുകളിൽ യൂണിവേഴ്സിറ്റി തലത്തിൽ ഡോക്ടറേറ്റിനുള്ള തിസിസുകളിലും രഹസ്യ തീവ്രവാദ സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലും ഈ പ്രയോഗം വ്യാപകമായി. 1953ലെ പാക്കിസ്ഥാനിലെ ആദ്യഭരണഘടനയിലും 1979ലെ ഇറാൻ ഭരണഘടനയിലും അത് സ്ഥാനം പിടിച്ചു''. (അൽ ഖുർആൻ വസ്സുൽത്താൻ: ഡോ. ഫഹ്മിഹുവൈദി)

സാക്ഷാൽ ഉസാമാ ബിൻലാദനടക്കം സകല തീവ്രവാദികളും ശുദ്ധ ഇഖ്‌വാനികളാണെന്ന വസ്തുത അറിഞ്ഞോ അറിയാതെ മൗദൂദിസ്റ്റുകളുടെ തൂലികതുമ്പിൽ നിന്നും പ്രകാശിതമായിട്ടുണ്ട്:

''ഇസ്‌ലാമിക പ്രതിബന്ധതയും സാമൂഹിക ബോധവും ചെറുപ്പം മുതലേ ഉസാമ പ്രകടിപ്പിച്ചു വന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന ഹജ്ജ് തീർത്ഥാടകർക്ക് ആതിഥ്യമരുളുവാൻ പിതാവ് വലിയതാൽപ്പര്യമെടുത്തിരുന്നു. അവരിൽ മഹാ പണ്ഡിതൻമാരും ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ നേതാക്കളും ഉൾപ്പെട്ടിരുന്നു. അവരുമായുള്ള സഭർക്കം ഉസാമയെ സ്വാധീനിച്ചു. സെക്കണ്ടറി സ്കൂളിലും യൂണിവേഴ്സിറ്റിയിലും പഠിക്കുമ്പോൾ മറ്റു പല സതീർത്ഥ്യരെയും പോലെ ഉസാമയും അൽ ഇഖ്‌വാനുൽ മുസ്‌ലിമൂനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. യൂണിവേഴ്സിറ്റിയിൽ നിർബന്ധ വിഷയമായിരുന്നു ഇസ്‌ലാമിക പഠനങ്ങൾ. ഫലസ്തീനി പണ്ഡിതനായ അബ്ദുല്ലാ അസ്സാം, ശൈഖ് മുഹമ്മദ് ഖുതുബ് എന്നിവരാണ് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അദ്ധ്യാപകർ'' (ഇസ്‌ലാമിക് വിജ്ഞാനകോശം: വാള്യം:7 പേജ് 60 IPH) സയ്യിദ് ഖുതുബിൽ നിന്നും മറ്റും 'ഇസ്‌ലാമിക'പാഠങ്ങൾ പഠിച്ച ഇഖ്‌വാന്റെ സജീവ പ്രവർത്തകനായ ഉസാമ പിന്നെ എങ്ങനെ തീവ്രവാദിയാകാതിരിക്കും.

യു.എസ്.എസ്.ആറിന് എതിരെ പോരാടാൻ ഊർജ്ജം നൽകിയവരും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ലേബലിൽ തീവ്രവാദം വിളംബിയതും മൗദൂദിസ്റ്റുകളാണെന്നതിന് ഇതിനേക്കാൾ വലിയ തെളിവ് എന്ത് വേണം!? പൂച്ച ശെയ്ഖായി നടിക്കുന്നത് കണ്ട് വഞ്ചിതരാകാതിരിക്കാൻ നമുക്ക് സാധിക്കണം.

ജനാധിപത്യ സ്നേഹികളായും ദേശഭക്തരായും ഇന്ന് അഭിനയിച്ച് നടക്കുന്ന മൗദൂദിസ്റ്റുകൾ യഥാർത്ഥത്തിൽ രാജ്യ ദ്രോഹികളാണ്. മതേതര ജനാധിപത്യം തകരണമെന്ന് മനസ്സാ ആഗ്രഹിക്കുകയും പുറമെ ദേശഭക്തി നടിക്കുകയും ചെയ്യുക വഴി– ഇരട്ട മുഖനയം സ്വീകരിക്കുക വഴി– ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്നതാണ് മൗദൂദിസത്തിന്റെ വിജയം. ഇന്ത്യയെ പോലുള്ള മതേതര ജനാധിപത്യ വ്യവസ്ഥിതിക്ക് കീഴിൽ തങ്ങളുടെ മൗലാന വിശദീകരിച്ച തീവ്ര നയങ്ങളൊന്നും നടപ്പില്ല എന്ന് മനസ്സിലാക്കിയ മൗദൂദിസ്റ്റുകൾ കളം മാറ്റി ചവിട്ടി. മൗലാന പഠിപ്പിച്ച ഭീകരവാദത്തിലധിഷ്ടിതമായ പ്രത്യയശാസ്ത്രങ്ങൾക്ക് പുതിയ മാനം നൽകി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് ഇവരുടെ പുതിയ നയം. അതിനായി സ്വാതന്ത്ര്യദിന പരിപാടികൾ, സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾ, പ്ലാച്ചിമട– സ്മാർട്ട് സിറ്റിയാദി 'സാമൂഹ്യ പ്രവർത്തനങ്ങൾ', ടെലി ഫിലിം– ചവിട്ടു നാടകം–തെരുവ് നാടകം... ഇങ്ങനെ പലതും തങ്ങൾ ജനാധിപത്യ സ്നേഹികളാണ്, ഭീകരവാദികളല്ല എന്ന് തെളിയിക്കാനായി ചെയ്തു കൂട്ടുന്നു. യഥാർത്ഥത്തിൽ ഇവർ ജനാധിപത്യത്തെയും സ്വരാഷ്ട്രമായ ഇന്ത്യയെയും സ്നേഹിക്കുന്നുണ്ടോ? ഒരി

ക്കലുമില്ല, ജനാധിപത്യത്തിന്റെ സർവ്വനാശമാണ് ഇവരുടെ 'ഇഖാമുത്തുദ്ദീന്റെയും' 'ഹുകൂമത്തെ ഇലാഹി'യുടെയും പ്രഥമലക്ഷ്യം. നെഞ്ചിൽ കൈ വെച്ച് കൊണ്ട് ഇതിനെ എതിർക്കാൻ കെൽപുള്ള ഏതെങ്കിലും മൗദൂദിസ്റ്റ് കേരളത്തിലുണ്ടോ? ജമാഅത്തെ ഇസ്‌ലാമിയുടെ അഖിലേന്ത്യ അമീർ ഡോ: അബ്ദുൽ ഹഖ് അൻസാരി ഒരു പത്രസമ്മേളനത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

''ഇന്ത്യയെന്നും ജനാധിപത്യരാജ്യമായി തുടരണം. അതിന് വിഘാതമാകുന്ന എല്ലാതടസ്സങ്ങളെയും തട്ടി നീക്കണം''.( മാധ്യമം ദിനപത്രം: 09/12/04 ബാഗ്ലൂർ എഡിഷൻ)

ഈ കാപട്യം ആരെ തൃപ്തിപ്പെടുത്തുവാൻ വേണ്ടിയാണ്?. ജനാധിപത്യം മുസൽമാന്റെ ഇസ്‌ലാമിനും ഇമാനിനും (വിശ്വാസം) വിരുദ്ധമാണെന്ന് വിശ്വസിക്കുകയും എഴുതുകയും ചെയ്യുന്ന ഇവർ തന്നെ ജനാധിപത്യ സ്നേഹികളായി ചമയുന്നത് പ്രബുദ്ധ ജനങ്ങൾ തിരിച്ചറിയേണ്ടിരിക്കുന്നു. 'ജമാഅത്തെ ഇസ്‌ലാമി'യുടെ സ്ഥാപകനും പ്രഥമ അമീറുമായ അബ്ദുൽ അഅ്‌ല മൗദൂദി എഴുതിയത് കാണുക:

''ആധുനിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ ഇസ്‌ലാമിനും, ഈമാനിനും കടക വിരുദ്ധമാണ്. നിങ്ങൾ ഇതിന്റെ മുമ്പിൽ സർവ്വാത്മനാ തലകുനിക്കുകയാണെങ്കിൽ, നിങ്ങളുടെ വിശുദ്ധ ക്വുർആനിനെ പുറകോട്ട് വലിച്ചെറിയലായിരിക്കും. നിങ്ങളതിന്റെ സംസ്ഥാപനത്തിലും നടത്തിപ്പിലും പങ്ക് വഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരുദൂതരോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും.....പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയന്റും ഇല്ല. ആ വ്യവസ്ഥിതി അധികാരം വാഴുന്നിടത്ത് ഇസ്‌ലാം വെറും ജലരേഖയായിരിക്കും'' (ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം പേജ്: 32,33)

ഇന്ത്യ പോലുള്ള ഒരു ജനാധിപത്യ മതേതര രാജ്യം മുസ്‌ലികളുടെ ഇസ്‌ലാമിനും ഈമാനിനും വിരുദ്ധവും, ഇന്ത്യയിൽ ഇസ്‌ലാം വെറും ജല രേഖയുമാണെന്ന് വിശ്വസിക്കുന്നവരാണ് ഒരോ മൗദൂദിസ്റ്റും. എന്നിട്ടും പുറമെയുള്ള ഈ പുകമറ എന്തിന് വേണ്ടി? നാനാ തുറകളിലും ദേശ വിരുദ്ധവും സമുദായത്തിന്റെ നാശഹേതുവുമായ നിലപാടുകൾ സ്വീകരിച്ചവരാണ് മൗദൂദിസ്റ്റുകൾ. ചില ഉദാഹരണങ്ങൾ ഹ്രസ്വമായി കുറിക്കാം.

നമ്മുടെ ഇന്ത്യൻ രാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കിരാത ഹസ്തങ്ങളിൽ ഞെരിഞ്ഞമർന്നിരുന്ന കാലഘട്ടത്തിൽ, സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത മുസ്‌ലിംകളെ മുനാഫിഖുകൾ (കപടവിശ്വാസികൾ) എന്നാണ് ലാഹോർ പള്ളിയിലെ ഇസ്‌ലാമിന്റെ മിമ്പറിൽ വെച്ച് സയ്യിദ് അബുൽ അഅ്‌ല മൗദൂദി അഭിസംബോധനം ചെയ്തത്. (ഖുതുബാത്ത് :പേജ്:140, IPH)

മൗദൂദി എഴുതി: ''ഇംഗ്ലീഷുകാരനായ അമുസ്‌ലിമിൽ നിന്ന് ഇന്ത്യക്കാരനായ അമുസ്‌ലിമിലേക്ക് നീങ്ങുകയാണ് ഈ സ്വാതന്ത്ര്യത്തിന്റെ ഫലം. ആദ്യമെ ഞാൻ പറഞ്ഞതുപോലെ, മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു സമരം ഹറാമാണ് എന്നത് ഖണ്ഡിതമായ കാര്യമാണ്. മാത്രമല്ല ഇത്തരം ഒരു നീക്കം നടക്കുമ്പോൾ അതു മൂകമായി നോക്കിനിൽക്കുക എന്നതും മുസ്‌ലിമിനു ഹറാമാണ്.'' (തഹ്‌രീക്കേ ആസാദി ഹിന്ദ് ഔർ മുസൽമാൻ: പേജ് :81)

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുന്നത് മാത്രമല്ല ആസമരത്തെ മൂകമായി നോക്കി നിൽക്കുന്നത് പോലും നിഷിദ്ധമാണെന്ന് പറഞ്ഞിരുന്ന ഇക്കൂട്ടരാണ് സ്വാതന്ത്ര്യത്തിന്റെ കാവലാളുകളായും സാമ്രാജ്യത്വ വിരുദ്ധരായും നാടകം കളിക്കുന്നത്.

ഇന്ത്യൻ വ്യവസ്ഥിതിയെ പൂർണ്ണമായും ബഹിഷ്‌രിക്കുന്ന നീക്കങ്ങളാണ് ആദ്യകാലത്ത് ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചത്. അതിന് ചില ഉദാഹരണങ്ങൾ കാണുക:

ഇന്ത്യൻ ഗവൺമെന്റിനു കീഴിലുള്ള ഉദ്യോഗങ്ങൾ നിഷിദ്ധമാണെന്നും അതിന് ചെയ്തുകൊടുക്കുന്ന സേവനങ്ങൾ പാടില്ലാത്തതുമാണെന്ന് മൗദൂദിസ്റ്റുകൾ തുറന്നെഴുതി. ''നിങ്ങളുടെ ആദർശം സത്യമാണെങ്കിൽ മറ്റൊരു ദീനിൽ നിന്നു കൊണ്ട് നിങ്ങൾക്ക് സുഖ നിദ്രപോലും വരികയില്ല. എന്നിട്ടല്ലെ നിങ്ങൾ ഇതര ദീനുകൾക്ക് സേവനം ചെയ്യുകയും ആ സേവനത്തിൽ ലഭ്യമാകുന്ന ആഹാരം സന്തോഷത്തോടെ ഭക്ഷിക്കുകയും സസുഖം കാൽ നീട്ടി ഉറങ്ങുകുയം ചെയ്യുന്നത്'' (ഖുതുബാത്ത്)

''ഇസ്ലാമിക വിരുദ്ധമായ ഒരു ഭരണ വ്യവസ്ഥക്ക് കീഴിൽ ഉദ്യോഗങ്ങൾക്കും സീറ്റുകൾക്കും വേണ്ടി മുറവിളിക്കുക എന്നതാകട്ടെ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ പോലും കഴിയാത്തത്ര നീചമായ ഒരവസ്ഥയാണ്.'' (പ്രബോധനം 1953 ഡിസംബർ 15)

അനിസ്ലാമിക ഗവൺമെന്റിനു കീഴിലുള്ള ഉദ്യോഗങ്ങൾ വഴി സമ്പാദിക്കുന്ന ഒരു റൊട്ടിക്കഷ്ണം പോലും നിഷിദ്ധമാണെന്ന് ഇവർ വാദിച്ചു. (പ്രബോധനം 1950 സെപ്തംബർ)

''അനിസ്ലാമിക ഗവൺമെന്റിന്റെ ഉദ്യോഗത്തിനു നമ്മളിൽ ചിലർ വെമ്പൽ കൊള്ളുകയാണ്. ഇസ്ലാമിൽ നിന്ന് തിരിച്ചുപോകുന്നു എന്നാണ് ഇതിനർത്ഥം'' (പ്രബോധനം 1959 ജനുവരി 15)

ഭരണകാര്യങ്ങളിൽ ഇടപെടുന്നതും ഇലക്ഷനിൽ വോട്ട് ചെയ്യുന്നതും നിഷിദ്ധമാണെന്ന് മുമ്പ് ഇവർ വാദിക്കുകയുണ്ടായി: ''അനിസ്ലാമിക ഭരണവ്യവസ്ഥയുടെ നടത്തിപ്പിൽ ഭാഗഭാക്കാവുന്നത് മുസ്ലിംകളെ സംബന്ധിച്ചിടത്തോളം നിഷിദ്ധമാണെന്ന് ജമാഅത്തെ ഇസ്ലാമി വിശ്വസിക്കുന്നു. അതിനാൽ ഏതെങ്കിലും അനിസ്ലാമിക പ്രസ്ഥാനവുമായി കൂട്ടുചേർന്ന് ഭരണനടത്തിപ്പിൽ പങ്കുകാരാവുകയോ ആ പ്രസ്ഥാനങ്ങൾക്കു വോട്ടു നൽകുകയോ ചെയ്യുന്നത് ജമാഅത്തിന്റെ വീക്ഷണത്തിൽ അനുവദനീയമല്ല.'' (പ്രബോധനം: 1970 ജൂലായ് പു:31 ലക്കം: 3)

ഇന്ത്യയിലെ കലാലയങ്ങളെ ഇവർ കൊലാലയങ്ങൾ എന്നാണ് വിളിച്ചത്. (ജമാഅത്തെ ഇസ്ലാമി 27 വർഷം)

''ഒരനിസ്ലാമിക രാജ്യത്തിന്റെ രാഷ്ട്രപതിയോ പ്രധാനമന്ത്രിയോ ആകുന്നതിലും അഭിമാനകരം ജമാഅത്ത് ഓഫീസിലെ പ്യൂണായിരിക്കലാണ്.'' (മൗദൂദി: ചിന്തയും പ്രസ്ഥാനവും: പേജ് :58)

''മസ്അലെ ഖൗമിയ്യത്ത്'' മുസൽമാൻ ഔർ മൗജൂദെ സിയാസി കശ്മകശ്'' എന്നിങ്ങനെ രണ്ട് പുസ്തകങ്ങൾ രചിച്ച്കൊണ്ട് പാക്കിസ്ഥാൻ വാദത്തിനായി ഇന്ത്യൻ മുസ്ലിംകൾക്ക് പ്രചോദനം നൽകുകയാണ് മൗദൂദി സാഹിബ് ചെയ്തതെന്ന് അദ്ദേഹത്തിന്റെ ജീവ ചരിത്രകാരനായ ജീലാനി തുറന്നെഴുതിയിട്ടുണ്ട്. (മൗദൂദി: ചിന്തയും പ്രസ്ഥാനവും: പേജ്: 71)

അഹ്മദിയ്യാ വിരുദ്ധകലാപത്തെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച ജസ്റ്റിസ് മുനീർ കമ്മീഷന്റെ മുമ്പിൽ മൗദൂദി വെളിപ്പെടുത്തിയ അഭിപ്രായങ്ങൾ അദ്ദഹത്തിന്റെ ഇസ്ലാമിക രാഷ്ട്രാതുരത്വവും ഭാവനാവൈകൃതങ്ങളും പുറത്തുകൊണ്ടുവരികയുണ്ടായി. ഉദാഹരണത്തിന് കമ്മീഷന്റെ രണ്ട് ചോദ്യങ്ങൾക്ക് അദ്ദേഹത്തിന്റെ ഉത്തരം കാണുക:

ചോദ്യം: നമുക്ക് ഇത്തരത്തിലുള്ള ഒരു ഗവൺമെണ്ടാണ് പാക്കിസ്ഥാനിലുള്ളതെങ്കിൽ ഇന്ത്യയിൽ ഹിന്ദുമതത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഭരണകൂടം നിലവിൽ വരാൻ താങ്കൾ അനുവദിക്കുമോ?

ഉത്തരം: തീർച്ചായും ഇന്ത്യയിലെ മുസ്ലിംകളോട് ഹീനജാതിക്കാരോടും, ശൂദ്രരോടും പെരുമാറുന്ന രീതിയിൽപെരുമാറിയാൽ പോലും എനിക്കതിൽ യാതൊരുപരാതിയുമില്ല. ഗവൺമെന്റിൽ അവരുടെ പങ്കാളിത്തം ഇല്ലാതായാലും അവരുടെ പൗരാവകാശങ്ങൾ ഇല്ലാതായാലും ശരി

എനിക്കതിൽ പരാതിയില്ല. വാസ്തവത്തിൽ അത്തരമൊരവസ്ഥ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ടല്ലോ.

ചോദ്യം: ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്‌ലിംകളുടെ കടമയെന്താണ്?

ഉത്തരം: അവരുടെ കടമ വളരെ വ്യക്തമാണ്. നമ്മോടൊപ്പം ചേരുക. ഇന്ത്യയുടെ ഭാഗത്തുനിന്ന് നമുക്കെതിരെ യുദ്ധം ചെയ്യാതിരിക്കുക.'' (Report of the court of Enquiry constituted under punjab Act 11 of the 1954 to enquire into punjab disturbances of 1953, Page: 228-229)

ഇക്കാലഘട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ രാജ്യത്തോട് പുറമെ പ്രദർശിപ്പിക്കുന്ന സാഹോദര്യം സ്വന്തം അസ്ഥിത്വ സംരക്ഷണാർത്ഥമുള്ള അടവുനയം മാത്രമാണ്. പണ്ട് കാലത്ത് എഴുതിയതും, സ്വീകരിച്ചതുമായ തീവ്രനിലപാടുകളൊക്കെ വർണ്ണകടലാസിൽ പൊതിഞ്ഞ് ഉള്ളറകളിൽ സൂക്ഷിച്ച് വെക്കപ്പെട്ടിരിക്കുന്നു. അപകടകരമായ മേൽസൂചിപ്പിച്ച വരികളിലൂടെ കണ്ണോടിച്ചതിന് ശേഷം ഖൽബുള്ളവർ പറയട്ടെ; ഇവർ ദേശസ്നേഹികളോ രാജ്യദ്രോഹികളോ? സന്നിദ്ധഘട്ടങ്ങളിൽ ഇന്ത്യയുടെ കരളിന് കുത്തുകയും, സ്വരാജ്യത്തോടുള്ള വെറുപ്പ് ഹൃദയത്തിൽ സൂക്ഷിച്ച് വെക്കുകയും ചെയ്യുന്ന ഇവർ എന്തുകൊണ്ടും ഇന്ത്യയെന്ന മതേതര–ജനാധിപത്യരാജ്യത്തിന് ഭീഷണിയല്ലേ?